ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

# വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും, കുട്ടികളുടെയും ആരോഗ്യ സംരക്ഷണത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

- ജില്ലാതല വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പിലെ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസംരക്ഷണത്തിനുള്ള ചുമതല ജില്ലാ ആർ.സി.എച്ച്. ഓഫീസർക്കാണ്.
- ക്യാമ്പിലെ ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യപരിചരണം, പ്രതിരോധ കുത്തിവയ്പ്പുകൾ, വിവരശേഖരണം (ലൈൻ ലിസ്റ്റ് - പ്രസവത്തീയതി, സങ്കീർണ്ണതകൾ, പ്രസവാനന്തര കാലയളവ് തുടങ്ങിയവ), കൗൺസിലിംഗ് എന്നിവ ക്യാമ്പുകളുടെ ചുമതലയുള്ള ജെ.പി.എച്ച്.എൻ. ഉറപ്പുവരുത്തേണ്ടതാണ്.
- ദുരിതാശ്വാസ ക്യാമ്പുകളുടെ മുകളിൽപ്പറഞ്ഞ കാര്യങ്ങളുടെ മേൽനോട്ടം, വിവരശേഖരണം എന്നിവ പി.എച്ച്.എൻ. ചെയ്യേണ്ടതാണ്.
- പി.എച്ച്.എൻ. വാക്സിനുകളുടെ ലഭ്യത, കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനം, ഐസ് പാക്ക് കണ്ടീഷനിംഗ് എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- ഓരോ വെള്ളപ്പൊക്ക ദുരിതാശ്വാസ ക്യാമ്പുകളിലും അമ്മമാർക്ക് മുലയൂട്ടുന്നതിനായി സൗകര്യപ്രദവും സ്വകാര്യതയുമുള്ള സ്ഥലം കണ്ടെത്തുകയും, അത് ഉറപ്പുവരുത്തുകയും വേണം.
- ക്യാമ്പിൽ അയൺ ഫോളിക് ആസിഡ്, ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ മരുന്നുകൾ എന്നിവയുടെ ലഭ്യത പി.എച്ച്.എൻ. ഉറപ്പുവരുത്തേണ്ടതാണ്.
- ജില്ലയിലെ നിലവിലുള്ള കോൾഡ് ചെയിൻ ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത റഫ്രിജറേഷൻ മെക്കാനിക്ക് ഉറപ്പുവരുത്തേണ്ടതുമാണ്. സംസ്ഥാന കോൾഡ് ചെയിൻ ഓഫീസർ ജില്ലാ തല പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയും എല്ലാ

ദിവസവും അഡീഷണൽ ഡയറക്ടർക്ക് (എഫ്.ഡബ്ല്യു.) റിപ്പോർട്ട് നൽകേണ്ടതുമാണ്.

- ജെ.പി.എച്ച്.എൻ. ദുരിതാശ്വാസ ക്യാമ്പുകളിൽ പ്രവർത്തിക്കുന്ന സമയങ്ങളിൽ ഫീൽഡ് തല വിവരങ്ങൾ ആശാ വർക്കർമാർ ശേഖരിക്കുകയും പ്രസ്തുത വിവരങ്ങൾ അതാത് ജെ.പി.എച്ച്.എൻ.മാർക്ക് കൈമാറേണ്ടതുമാണ്.
- ദുരിതാശ്വാസ ക്യാമ്പിൽ പകർച്ചവ്യാധികൾ ഉണ്ടെങ്കിൽ ഗർഭിണികൾക്കും കുട്ടികൾക്കും രോഗം വരാതിരിക്കാനുള്ള മുൻകരുതലുകൾ എടുക്കേണ്ടതാണ്.
- അവശ്യ സന്ദർഭത്തിൽ ഗർഭിണികളെ റഫർ ചെയ്യുന്നതിനുള്ള സ്ഥാപനങ്ങളെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.